# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 17/01/ 2020

# തമിഴ്നാട്ടിൽ വച്ച് ഭാര്യയെ കൊലപ്പെടുത്തി രക്ഷപെട്ട പ്രതിയെ കൊല്ലത്ത് വച്ച് പിടികൂടി

## കൊല്ലം : തമിഴ്നാട് രാജപാളയത്ത് ഭാര്യയെ കൊലപ്പെടുത്തി രക്ഷപ്പെട്ട പ്രതിയെ കൊല്ലം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു.


ഗുണശേഖരൻ

രാജപാളയം ശങ്കരപാണ്ഡ്യപുരത്ത് വച്ച് ഭാര്യയായ പളനിയമ്മയെ കൊലപ്പെടുത്തിയ രാജപാളയം സ്വദേശിയായ ഗുണശേഖരനാണ് അറസ്റ്റിലായത്. 02.01.2020 ലാണ് കേസിന് ആസ്പദമായ സംഭവം ഉണ്ടായത്. രക്ഷപ്പെട്ട ഗുണശേഖരൻ കൊല്ലത്തുള്ളതായി മനസിലാക്കിയ തമിഴ്നാട് പോലീസ് കൊല്ലം സിറ്റി പോലീസിന് വിവരം കൈമാറുകയായിരുന്നു. തുടർന്ന് സിറ്റി പോലീസ് കമ്മീഷണർ റ്റി. നാരായണൻ ഐപിഎസ് ന്റെ നിർദ്ദേശാനുസരണം കൊല്ലം ഈസ്റ്റ് പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതി കൊല്ലം ഈസ്റ്റ് പോലീസിന്റെ പിടിയിലാകുന്നത്. കൊല്ലം റെയിൽവേ സ്റ്റേഷന് സമീപമുള്ള ബാർ ഹോട്ടനിന് മുന്നിൽ വച്ച് കൊല്ലം ഈസ്റ്റ് പോലീസ് ഇൻസ്പെക്ടർ ആർ രാജേഷ്, സബ് ഇൻസ്പെക്ടർ ബിജു എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ പിടികൂടിയത്. പ്രതിയായ ഗുണശേഖരനെ രാജപാളയം കീളരാജഗളരാമൻ പോലീസ് സ്റ്റേഷൻ പോലീസ് സംഘത്തിന് കൈമാറി.